അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം തൂവപ്പാറ പ്രദേശത്തെ സംബന്ധിച്ചാണ്. അതൊരു പ്രത്യേക കാര്യത്തിനുവേണ്ടിയുള്ള ഡെവലപ്പ്മെന്റിനെ ഉദ്ദേശിച്ചുകൊണ്ട് ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടിയാണ്. സ്വാഭാവികമായും ആ പ്രദേശത്തെ പുരോഗതിക്ക് അത് ആവശ്യമാണ് എന്നുള്ളതുകൊണ്ട് അത് നിർത്തിവയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. അവിടെ കയ്യേറി വീടുകളും വച്ചിരിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കാൻ എന്താണ് മാർഗ്ഗം എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയും പരിഗണിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉറപ്പിൽ ഞാൻ സംതൃപ്തനാണ്. പക്ഷേ ഒരു കാര്യമുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ ഉദ്യോഗസ്ഥൻ അവിടെ വരുന്ന സമയം നിയോജകമണ്ഡലത്തിലെ പ്രതിനിധി എന്ന നിലക്ക് എന്നെക്കൂടി അറിയിച്ചുകൊണ്ട് ഒന്നിച്ചുപോയി സ്ഥലം പരിശോധിക്കുവാനും വേറെ ഭൂമി കൈവശമുള്ള ആളുകളാണെങ്കിൽ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനും ഉള്ള അവസരം എനിക്കുകൂടി തരാൻ സന്നദ്ധമാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഒന്നിച്ചുപോയി ഇൻസ്പെക്ഷൻ നടത്തുക എന്നു പറയുന്നത് ശരിയായ നടപടിക്രമമല്ല. എന്നിരുന്നാലും കളക്ടർ അവിടെ അന്വേഷണത്തിനുപോകുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. യെ ആ കാര്യം അറിയിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാവുന്നതാണ്.

2. നെടുമങ്ങാട് താലൂക്കിൽ വ്യവസായ സംരംഭത്തിനുള്ള ഗവൺമെന്റ് നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പങ്കജാക്ഷൻ: സർ, വ്യാവസായികമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് നെടുമങ്ങാട് താലൂക്കിൽ വ്യവസായസംരംഭങ്ങളാരംഭിക്കുന്നതിന് മുമ്പുണ്ടായിരുന്ന ഒരു നിർദ്ദേശം പ്രാവർത്തികമാക്കാമെന്ന് വ്യവസായ വകുപ്പുമന്ത്രിയും കൂടി സമ്മതിച്ചിരുന്നതും ഇനിയും നടപ്പിലാക്കാതിരിക്കുന്നതുമായ സാഹചര്യം വ്യവസായവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് നൽകിയത്. അദ്ദേഹത്തിനുംകൂടി താൽപ്പര്യമുള്ള പ്രദേശമാണ് നെടുമങ്ങാട് താലൂക്കിലെ തൊളിക്കോട് പഞ്ചായത്തും പരിസരപ്രദേശങ്ങളും. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സഖാവ് നായനാരുടെ നേതൃത്വത്തിൽ നിലവിലുണ്ടായിരുന്നപ്പോഴാണ് പിന്നോക്കമായിട്ടുള്ള ചില പ്രദേശങ്ങളെ നിർണ്ണയിച്ച് അവിടങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു. നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് പഞ്ചായത്തിലൊഴികെ മറ്റു സ്ഥലങ്ങളിൽ തീരുമാനിക്കപ്പെട്ടിരുന്ന സംരംഭങ്ങൾ നിലവിൽ വരികയോ തുടങ്ങാനുള്ള നടപടികൾ ഉണ്ടാവുകയോ ചെയ്തു കഴിഞ്ഞു. നെടുമങ്ങാട് താലൂക്കിലെ മലയോരപ്രദേശങ്ങളിൽ ഈറ, പനമ്പ്, ഇവയെ ആസ്പദമാക്കി കുറെ കുടിൽ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ചെറിയ തൊഴിൽസാദ്ധ്യതകൾ മാത്രമേയുള്ളൂ. കൂടുതൽ തൊഴിലിനുള്ള സാദ്ധ്യതയില്ല. പിന്നെ ചെറിയ റബ്ബർ ഉടമകളുണ്ട്. റബ്ബറിനെ ആധാരമാക്കിയുള്ള വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് വളരെ സാദ്ധ്യതയുണ്ടെങ്കിലും ആ വഴിക്കു നടപടികൾ സ്വീകരിക്കാൻ കാലാകാലങ്ങളിൽ മാറി വന്നിട്ടുള്ള ഗവൺമെൻറുകൾക്കു കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെൻറ് നെടുമങ്ങാട് താലൂക്കിന് പ്രത്യേക പരിഗണന നൽകി അവിടെ എന്തെങ്കിലും വ്യവസായം ആരംഭിക്കാൻ തീരുമാനിച്ചത്. അവിടം ഒരു കാർഷികമേഖലയാണ്. വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുൽപ്പാദിപ്പിക്കുന്ന മേഖലയാണ്. എന്നാൽ ഒരു വ്യവസായം ആരംഭിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ മറ്റു തൊഴിൽ സാദ്ധ്യതകളില്ലാതെവന്നപ്പോൾ വ്യാജവാറ്റാക്കെയാണ് നടക്കുന്നത്. ഈ അടുത്തകാലത്തായി മാനവും മാംസവും വിൽക്കുന്നതിന് അവിടത്തെ പെൺപ്പക്കാരികൾ നിർബന്ധിതരാവുന്ന സാഹചര്യം വരെ ഉണ്ടായിരിക്കുകയാണ്. അത്രക്ക് രൂക്ഷമായ തൊഴിലില്ലായ്മ ഈ പിന്നോക്കപ്രദേശങ്ങളിലെ പട്ടിണിക്കാരായ ജനങ്ങൾ അനുഭവിക്കുന്നു. എന്നിട്ടുകൂടി ഈ കാര്യത്തിൽ ഈ ഗവൺമെൻറ് നടപടി സ്വീകരിക്കുന്നില്ല എന്നത് വളരെ ഖേദകരമാണ്. മുൻഗവൺമെൻറ് തീരുമാനിക്കുകയും അങ്ങ് അതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് സമ്മതിക്കുകയും ചെയ്ത ഈ വ്യവസായ സംരംഭത്തിന് അടിയന്തിരമായി തുടക്കംകുറിക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇയ്യിടെ അങ്ങ് ആ പ്രദേശം സന്ദർശിച്ചപ്പോഴും അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആൾക്കാർ മുൻകൈയെടുത്ത് നിവേദനങ്ങൾ നൽകുകയുണ്ടായി. അങ്ങ് അതിനുള്ള നടപടി സ്വീകരിക്കാൻ സൻമനസ്സു കാണിക്കുമെന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതുമാണ്. ഇനിയും ഇതിൽ കാലതാമസമുണ്ടാകരുതെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈയവസരം ഉപയോഗപ്പെടുത്തുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട പങ്കജാക്ഷൻ 1982 ആഗസ്റ്റുമാസം 19-ാം തീയതിയും, ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഇതേ പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. അന്നുതന്നെ അവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്സ്റ്റൈൽ മില്ലിനെസംബന്ധിച്ച് ഞാൻ ഈ സഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്. കേരളത്തിൽ അഞ്ചു ടെക്സ്റ്റൈൽ മില്ലുകൾ ആരംഭിക്കാനാണ് ഉദ്ദേശിച്ചത്. ഒന്നാം ഘട്ടത്തിൽ കണ്ണൂർ, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിലും രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിലും ടെക്സ്റ്റൈൽ മില്ലുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ പുതിയ ടെക്സ്റ്റൈൽ മില്ലുകളുമായി മുന്നോട്ടുപോകുന്നതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിൽനിന്നും നിർദ്ദേശം ലഭിച്ചു. ഒപ്പാനിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലെന്നും അതുകൊണ്ട് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കുവാൻ സാധ്യമല്ലെന്നും പുതിയ മില്ലുകൾ വളരെ കരുതലോടുകൂടി മാത്രമേ മുന്നോട്ടുകൊണ്ടുപോകാൻ പാടുള്ളൂ എന്നും അറിയിക്കുകയുണ്ടായി. പ്രവർത്തനമാരംഭിച്ചു കഴിഞ്ഞ മലപ്പുറത്തെയും, കാസർകോഡ് ജില്ലയിലെ ഉദുമയിലേയും മില്ലുകളെ സംബന്ധിച്ചുതന്നെ, മുന്നോട്ടുപോകാൻ പ്രയാസമായി വന്നു. അതോടൊപ്പംതന്നെ ഏഴാം പദ്ധതിക്കാലത്ത് ആവശ്യമുള്ള സ്പിൻറിൽസ് ഉള്ളതുകൊണ്ട് പുതിയ ടെക്സ്റ്റൈൽ മില്ലുകൾ സാദ്ധ്യമല്ല എന്ന്, റിവൈസ്ഡ് ടെക്സ്റ്റൈൽ പോളിസി അനൗൺസ്മെൻറിൽ കേന്ദ്രഗവൺമെൻറ് 1985 ജൂൺ ആറാം തീയതി വ്യക്തമാക്കുകയുണ്ടായി. അതിൻറെ അടിസ്ഥാനത്തിൽ മാത്രമാണ് നെടുമങ്ങാട് താലൂക്കിലും, മാവേലിക്കരയിലും ഉദ്ദേശിച്ചതായ മില്ലുകളുടെ പ്രവർത്തനവുമായി

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുപോകാൻ സാധിക്കാതെ വന്നത്. പ്രവർത്തനമാരംഭിച്ച മലപ്പുറം, കാസർകോട് എന്നീ ജില്ലകളിലെ മില്ലുകൾക്കും സഹകരണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലും ആലപ്പുഴ ജില്ലയിലും പ്രവർത്തനമാരംഭിച്ചിട്ടുള്ള മില്ലുകൾക്കും സഹായം ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന ഗവൺമെൻറിന്റെ അപേക്ഷ ഇപ്പോഴും കേന്ദ്രഗവൺമെൻറിന്റെ പരിഗണനയിലാണ്. ഒരാഴ്ചമുമ്പുതന്നെ കേന്ദ്രധനകാര്യമന്ത്രിയെ കണ്ട് ഇതു സംബന്ധിച്ച് പറയുകയുണ്ടായി. സർ, കേന്ദ്ര ഗവൺമെൻറിൽ നിന്നും അനുമതി കിട്ടുന്ന മുറയ്ക്ക് അവിടെയും മില്ലിന്റെ പണി തുടങ്ങുമെന്നതിന് യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട പങ്കജാക്ഷന്റേയും ആ പ്രദേശത്തുകാരുടേയും വികാരം ഞാൻ പരിപൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. കേന്ദ്രഗവൺമെൻറിന്റെ നിയന്ത്രണത്തിന് വിധേയമായ ഒരു കാര്യമായതുകൊണ്ടുമാത്രമാണ് ഇങ്ങനെ ഉണ്ടായിട്ടുള്ളത്. അതോടൊപ്പംതന്നെ നെടുമങ്ങാട് താലൂക്കിൽ ആരംഭിച്ചിട്ടുള്ള ഒരു മിനറൽ വാട്ടർ നിർമ്മിക്കാനുള്ള HYATKUM EXPORTS-ന്റെ നിർമ്മാണ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നും മരംമുറിച്ചു നീക്കാൻ അനുമതി കിട്ടുന്നമുറയ്ക്കുതന്നെ ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്നതും 192 ലക്ഷം രൂപയ്ക്കുള്ള ആ പദ്ധതി ഇവിടെ ഉൽപ്പാദനം തുടങ്ങുന്നതുമാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, നെടുമങ്ങാട് ഈറ ഉപയോഗിച്ചുള്ള കുടിൽ വ്യവസായത്തിന് വളരെ സാദ്ധ്യതയുള്ള ഒരു പ്രദേശമാണ്. അവിടെ ഇപ്പോൾതന്നെ സ്റേറേറ ബാംബൂ കോർപ്പറേഷൻ ഈറവ്യവസായ തൊഴിലാളികളുടെ അഭിവൃദ്ധിക്കുവേണ്ടി നാലു ഡിപ്പോകൾ ആരംഭിച്ചിട്ടുണ്ട്. നാലു ഡിപ്പോകളിലും കൂടി 900 കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. അതിനുംപുറമേ ചുള്ളിമാനൂർ എന്ന സ്ഥലത്തുകൂടി ഒരു ഡിപ്പോ തുറക്കുന്ന കാര്യത്തിൽ നിർദ്ദേശം നൽകിയിരിക്കുകയാണ്. ഈ രംഗത്ത് വ്യാവസായികമായ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാണോ അതൊക്കെ പ്രയോജനപ്പെടുത്താൻ വേണ്ടതു ചെയ്യുന്നതാണ്. കേന്ദ്രഗവൺമെൻറിൽ നിന്നും റെസ്ട്രിക്ഷൻ ഉള്ളതുകൊണ്ടു മാത്രമാണ് മില്ലിന്റെ കാര്യത്തിൽ മുന്നോട്ടുപോകാത്തത്. ഏത് ഘട്ടത്തിലാണോ കേന്ദ്രഗവൺമെൻറിൽനിന്നും നിയന്ത്രണം ഒഴിവാക്കുന്നത് ആ ഘട്ടത്തിൽതന്നെ, ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന ആ പ്രദേശത്ത് മില്ല് സ്ഥാപിക്കുമെന്ന ഗവൺമെൻറിന്റെ ഉറപ്പ് പാലിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: റബ്ബർ കൃഷി ചെയ്യുന്ന മേഖലയായ നെടുമങ്ങാട് താലൂക്കിൽ വ്യവസായത്തിന് അസംസ്കൃത പദാർത്ഥമായ റബ്ബർ ലാറക്സ് ലഭിക്കാൻ സാദ്ധ്യതയുള്ളത് പരിശോധിക്കുവാനും സംയുക്തമേഖലയിലെങ്കിലും ഏതെങ്കിലും വ്യവസായസംരംഭം ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കാൻ മനസ്സുണ്ടാകുമോ?

ശ്രീ. ഇ. അഹമ്മദ്: സംയുക്ത മേഖലയെ സംബന്ധിച്ചിടത്തോളം കെ.എസ്.ഐ.ഡി.സി.യുമായി ആലോചിച്ചതിനുശേഷമേ എനിക്ക് എന്തെങ്കിലും പറയാൻ കഴിയുകയുള്ളൂ. ഇനി എന്തെങ്കിലും സ്വകാര്യ വ്യക്തികൾ വ്യവസായസംരംഭവുമായി മുന്നോട്ടുവന്നാൽ ഗവൺമെൻറ് എല്ലാവിധ സഹായസഹകരണങ്ങളും നൽകുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർകൂടി അതിന് ശ്രമിക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly